പാലക്കാട് ഷോപ്പിംഗ് കോംപ്ലക്സോടുകൂടിയ ആധുനിക ബസ് ടെർമിനൽ

163 (5383) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-ക്ക് പാലക്കാട്, ഷോപ്പിംഗ് കോംപ്ലക്സോടുകൂടിയ ആധുനിക ബസ് ടെർമിനൽ നിർമ്മിക്കാൻ പദ്ധതിയുണ്ടോ ;

(ബി) ആയതു സംബന്ധിച്ച് ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുമോ ;

(സി) പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ, എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കുമോ ;

(ഡി) നിർമ്മാണപ്രവർത്തനത്തിനുള്ള ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ ;

(ഇ) നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ ;

(എഫ്) നിർമ്മാണം പൂർത്തിയാക്കാൻ എത്ര കാലം വേണ്ടിവരും എന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തോടനുബന്ധിച്ച് അതിന്റെ ഡിസൈനും പ്ലാനും തയ്യാറാക്കുന്നതിന് യോഗ്യതയുള്ള ആർക്കിടെക്ടുകളിൽ നിന്നും താൽപ്പര്യ പ്രകടന പത്രിക ക്ഷണിച്ച് പ്രാഥമിക പ്ലാനുകൾ തയ്യാറാക്കുന്ന നടപടി പുരോഗതിയിലാണ്.

(സി) പ്രാഥമിക പ്ലാൻ അംഗീകരിക്കപ്പെട്ടതിനുശേഷം മാത്രമേ പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കുവാൻ കഴിയുകയുള്ളൂ.

(ഡി) നിർമ്മാണ പ്രവർത്തനത്തിനുള്ള ഏജൻസിയെ നിശ്ചയിക്കുന്ന ഘട്ടം ആയിട്ടില്ല.

(ഇ) പ്രാഥമിക നടപടിക്രമങ്ങൾ പൂർത്തീകരിച്ചശേഷം മാത്രമേ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നത് തീരുമാനിക്കാനാവുകയുള്ളൂ.

(എഫ്) പ്രാഥമിക നടപടിക്രമങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ മാത്രമേ നിർമ്മാണം പൂർത്തീകരിക്കുന്ന കാലം തീരുമാനിക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly